**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2482 — 05.11.2019-ലെ മറുപടിയ്ക്ക്

## നായാടിക്കുന്ന് മിനി സ്റ്റേഡിയം നവീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കായികവകുപ്പ് സംസ്ഥാനത്തെ ചെറുകിട/ഇടത്തരം സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കായിക യുവജനകാര്യ വകുപ്പ് സംസ്ഥാനത്തെ ചെറുകിട/ഇടത്തരം സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിനായി 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ കായികയുവജനകാര്യാലയത്തിന് കീഴിൽ 64.92 കോടി രൂപയും 2018-19 ൽ 70.00 കോടി രൂപയും വകയിരുത്തിയിരുന്നു. 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ 71.65 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. അതനുസരിച്ച് കണ്ണൂർ മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിലെ നവീകരണ പ്രവൃത്തികളും, ഇൻഡോർ സ്റ്റേഡിയത്തിലെ ഡൈനിംഗ്ഹാൾ, കിച്ചൻ, പ്രാക്ടീസ് ഹാൾ എന്നിവയുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങളും നടന്നു വരുന്നു. മലപ്പുറം ജില്ലയിലെ സ്പോർട്സ് കോംപ്ലക്സിന്റെ ശേഷിച്ച പ്രവൃത്തികൾ നടന്നു വരുന്നു.<br>പാലക്കാട് ജില്ലയിൽ കണ്ണമ്പ്ര പഞ്ചായത്ത് ഗ്രൗണ്ടിലെ സിന്തറ്റിക് ഫുട്ബോൾ, വോളിബോൾ, ഷട്ടിൽ കോർട്ടുകളുടെ നിർമ്മാണം, കോട്ടായി ഹയർ സെക്കന്ററി സ്കൂളിലെ 200 മീറ്റർ, 6 ലെയ്ൻ സിന്തറ്റിക് ട്രാക്ക്, ബാസ്കറ്റ് ബോൾ, വോളിബോൾ, ഷട്ടിൽ കോർട്ട്, സെവൻസ് (നാച്ചുറൽ) ഫുട്ബോൾ |

| | | | |
|---|---|---|---|
| | | | ടർഫ് എന്നിവയുടെ നിർമ്മാണവും നടന്നു വരുന്നു.<br>തൃശ്ശൂർ വി.കെ.എൻ മേനോൻ ഇൻഡോർ സ്റ്റേഡിയത്തിൽ എൽ.ഇ.ഡി ലൈറ്റുകൾ ഘടിപ്പിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു. തൃശ്ശൂർ ജില്ലയിലെ കുന്നംകുളം ഗവ.ഹയർ സെക്കന്ററി സ്കൂളിലെ ഗ്യാലറി, ലാന്റ് ഡെവലപ്പമെന്റ്, സ്വാഭാവിക പ്രതലത്തോട് കൂടിയ (നാച്ചുറൽ) ഫുട്ബോൾ ടർഫ് നിർമ്മാണം, വേലൂർ ആർ.എസ്.ആർ.വി ഹയർ സെക്കന്ററി സ്കൂളിലെ സ്വാഭാവിക (മൺ) ഫുട്ബോൾ ഗ്രൗണ്ടിന്റെ പുനരുദ്ധാരണ പ്രവൃത്തിയും വിവിധ സ്പോർട്സ് പരിശീലനത്തിനുള്ള 8 ലെയ്ൻ സിന്തറ്റിക് കോർട്ട്, കൈപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ ഒരു മൾട്ടി പർപ്പസ് സ്റ്റേഡിയം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളും നടന്നു വരുന്നു.<br>എറണാകുളം ജില്ലയിൽ വരാപ്പുഴ പപ്പൻ മെമ്മോറിയൽ ഇൻഡോർ സ്റ്റേഡിയത്തിൽ മേപ്പിൾ വുഡ് ഫ്ളോറിംഗ് വർക്ക്, പുത്തൻതോട് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ സിന്തറ്റിക് ടെന്നീസ് കോർട്ടിന്റെ നിർമ്മാണം എന്നിവ ഏർപ്പാടാക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>ഇടുക്കി ജില്ലയിലെ വോളീബോൾ അക്കാഡമിയുടെ ചുറ്റും ഫെൻസിംഗ്, അഡിഷണൽ സിവിൽ ഇലക്ട്രിക് വർക്കുകൾ, ഫർണിച്ചർ സപ്ലൈ എന്നിവ ഏർപ്പാടാക്കുകയും ഭാഗികമായി പൂർത്തീകരിക്കുകയും ചെയ്തു.<br>ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിലെ തിരുവൻവണ്ടൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ടിന്റെ നവീകരണം നടന്നു വരുന്നു.<br>കൊല്ലം ജില്ലയിലെ ഹോക്കി സ്റ്റേഡിയം കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ ഏതാണ്ട് 90 ശതമാനം പൂർത്തീകരിച്ചു. കൊട്ടാക്കര ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ടിന്റെ നവീകരണം നടന്നു വരുന്നു.<br>തിരുവനന്തപുരം ജില്ലയിലെ ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിൽ ദേശീയ നിലവാരത്തിലുള്ള ഒരു ജിംനേഷ്യം |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുകയുണ്ടായി. കൂടാതെ മറ്റു നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ സ്വാഭാവിക (പുൽത്തകിടി) ഫുട്ബോൾ ടർഫിന്റെയും സിന്തറ്റിക് ട്രാക്കിന്റെയും നിർമ്മാണം പുരോഗമിച്ചു വരുന്നു.<br>കൂടാതെ 2016-17-ലെ ബജറ്റിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 14 ജില്ലാ സ്റ്റേഡിയങ്ങളുടെയും, 33 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെയും നിർമ്മാണവും 2017-18 ബജറ്റിൽ ഉൾപ്പെടുത്തി 10 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ നിർമ്മാണവും നടന്നു വരുന്നു. |
| (ബി) | മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ നായാടിക്കുന്ന് മിനി സ്റ്റേഡിയം നവീകരിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കി നൽകിയാൽ ആയതിന് ആവശ്യമായ ഫണ്ട് അനുവദിക്കുവാൻ അനുമതി നൽകുമോ; വിശദാംശം നൽകുമോ? | (ബി) | പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**